**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2213** **27-10-2026-ൽ മറുപടിയ്ക്ക്**

**ലയണൽ മെസ്സി അടങ്ങുന്ന അർജന്റീനിയൻ ടീമിന്റെ കേരള പര്യടനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ലയണൽ മെസ്സി അടങ്ങുന്ന അർജന്റീനിയൻ ടീമിനെ കേരളത്തിൽ കൊണ്ടു വരാനെന്ന പേരിൽ നടന്നിട്ടുള്ള സംഭവങ്ങളിൽ ആരംഭിച്ചിട്ടുള്ള എസ്.ഐ.ടി. അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ലയണൽ മെസ്സി അടങ്ങുന്ന അർജന്റീനിയൻ ടീമിനെ കേരളത്തിൽ കൊണ്ടു വരുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അന്വേഷിക്കുന്നതിനായി 03/09/2026 ലെ സ.ഉ.(സാധാ) നം. 2895/2026-ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രമസമാധാനം) ന്റെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണസംഘത്തിന്റെ അന്വേഷണം പുരോഗമിച്ചുവരികയാണ്.

**(ബി)** ഏതെങ്കിലും പ്രത്യേക ഏജൻസിയെ അന്വേഷണം ഏൽപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

**മറുപടി:** നിലവിൽ പരിഗണനയിലില്ല.

**(സി)** ഈ വിഷയത്തിൽ അഴിമതി നിരോധന നിയമപ്രകാരം കേസെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെ അന്വേഷണ പരിധിയിൽ വരുമെന്നും ആർക്കൊക്കെയെതിരെ കേസെടുക്കേണ്ടി വരുമെന്നും വ്യക്തമാക്കുമോ?

**മറുപടി:** അഴിമതി നിരോധന നിയമപ്രകാരം കേസെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**സെക്ഷൻ ഓഫീസർ**